**പുരുഷ പീഢനവേദി**

# സ്ത്രീകളുടെ ശ്രദ്ധയ്ക്ക്; പുരുഷന്മാരുടേയും

മലയാളം വാരികയിൽ അടുത്തകാലത്ത് 'ആണിനെ പെണ്ണ് അടിച്ചാൽ' എന്ന പേരിൽ ജോളി അടിമത്ര റിപ്പോർട്ട് എഴുതിയിരുന്നു. പുരുഷപീഢന പരിഹാരവേദി എന്നപേരിൽ ഉണ്ടായ ഒരു സംഘടനയിലെ അംഗങ്ങളുടെ പരിദേവനങ്ങളായിരുന്നു മുൻപറഞ്ഞ റിപ്പോർട്ടിനാധാരം. സ്ത്രീപീഢനത്തോടൊപ്പം തന്നെ പുരുഷപീഢനം നടക്കുന്ന ഒരു സമൂഹമാണ് ഇതെന്നും പീഢനത്തിന്റെ പേരിൽ സ്ത്രീക്കെന്തെങ്കിലു പ്രത്യേക പരിഗണനയോ മറ്റോ കിട്ടുന്നുണ്ടെങ്കിൽ അത് സമത്വത്തിന് എതിരാണെന്നു സ്ഥാപിക്കുകയാണ് മനസിലായിടത്തോളം സംഘടനയുടെ ഉദ്ദേശ്യലക്ഷ്യം.

എന്നാൽ പുറത്തുവന്ന പീഢനകഥകളിൽ കുറേയെല്ലാ സ്ത്രീയിൽനിന്നും പുരുഷാധിപത്യ സമൂഹം പ്രതീക്ഷിക്കുന്ന ചില കൂലിയില്ലാ വേലകളുടെ നിരസനത്തെ 'പീഢനം' എന്നപേരിൽ അവതരിപ്പിക്കുന്നതായിരുന്നു: ഉദാഹരണത്തിന് "രാവിലെ ഒരു ഗ്ലാസ് കാപ്പിപോലും മരുമകൾ തരുന്നില്ല". അവൾ എഴുന്നേല്ക്കുന്നത് എട്ടുമണിക്ക്".

വൃദ്ധനായ ഒരു മനുഷ്യൻ ചെറുപ്പമായ ഒരു തലമുറയിൽനിന്ന് പ്രതീക്ഷിക്കുന്ന സഹായമല്ല ഈ അമ്മായിയപ്പന്റെ വാക്കുകളിൽ. ഇവിടെ തെളിയുന്നത് തനിക്ക് അവകാശപ്പെട്ടത് നഷ്ടമായ ഒരുത്തന്റെ ധാർമ്മികരോഷമാണ്. ഒന്നാലോചിച്ചു നോക്കു. ഏതെങ്കിലു ഒരു വൃദ്ധയായി സ്ത്രീക്ക് തന്റെ മരുമകനിൽനിന്ന് പ്രതീക്ഷിക്കാവുന്ന ഒരു സേവനമാണോ ഇത്. ഒരിക്കലും അല്ല, എന്നാൽ ഈ പ്രതീക്ഷയിൽ മരുമകൾ അടുക്കളപ്പണി മുഴുവൻ ക്ഷമയോടെ സന്തോഷത്തോടെ മുറുമുറുപ്പില്ലാതെ എടുത്തുകൊള്ളും എന്ന പ്രതീക്ഷയിൽ ഉള്ളത്. പെണ്ണ് ചെയ്യേണ്ട പണിയാണ് ഇത്." എന്ന പുരുഷാധിപത്യ മനോഭാവം തന്നെ.

ഏതു നിയമപുസ്തകത്തിലാണ് എഴുതിവച്ചിരിക്കുന്നത് വൃദ്ധന്റെ മകന് അടുക്കളയിൽ ഭാര്യക്കൊപ്പം കയറിക്കൂടെന്ന്. 'പെണ്ണ് ഒരു കാപ്പി കൂടി തന്നില്ല' എന്നത് മരിക്കാൻ കിടക്കുമ്പോൾ ഒരു തുള്ളിവെള്ളം കൂടി തന്നില്ല' എന്ന മട്ടിൽ നമ്മുടെ വലിപ്പം വായിക്കാനും പെണ്ണിന്റെ മനുഷ്യത്വ ഹീനമായ പ്രവൃത്തിയായി കാണാനും കാരണമെന്ത്? രാപ്പകലില്ലാതെ അടുക്കളയിൽ ആരും കാണാത്ത, ആരും വിലമതിക്കാത്ത പണിചെയ്ത് ജീവിതം ഹോമിക്കുന്ന പതിനായിരക്കണക്കിന് മനുഷ്യജന്മങ്ങളുടെ പീഢനം ആരും കാണുന്നില്ല. സ്ത്രീസംഘടനകളിൽപോലും ഇതൊരു പീഢനമായി ആർക്കും അവതരിപ്പിക്കാനും കഴിയില്ല. ആ അവസരത്തിൽ "അതിന് ഞാൻ തയാറല്ല" എന്ന് ആരെങ്കിലും ഒന്നു ചെറുതായി പറയാൻ ശ്രമിച്ചാൽ അത് ഉടൻ തിരിച്ചുള്ള പുരുഷനെതിരേയുള്ള പീഢനമായി ചിത്രീകരിക്കുന്നതിലെ രാഷ്ട്രീയം എല്ലാവരും തിരിച്ചറിയേണ്ടതുണ്ട്.

വൃദ്ധരായവരുടെ പ്രശ്നങ്ങൾ തീർച്ചയായും ചർച്ച ചെയ്യപ്പെടേണ്ടതു തന്നെ. എന്നാൽ അത് വീട്ടിലെ കുട്ടികളുടെയും വൃദ്ധരുടെയും പരിചരണത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും പെണ്ണിന്റെ തലയിൽ കെട്ടിവയ്ക്കുന്നതിന്റെ ന്യായം പുരുഷൻ ഭരിക്കുന്ന ലോകത്തിന്റെ സ്വേച്ഛാധിപത്യ ന്യായം തന്നെ. പുരുഷപീഢനത്തിനെതിരേ പ്രവർത്തിക്കാൻ ഊർജവും മനസും യാത്ര ചെയ്യാൻ ആരോഗ്യവും ഉള്ള വൃദ്ധനായ അമ്മായി അച്ഛന് അടുക്കളയിൽ കയറി ഒരു വെറും കപ്പ് കാപ്പി ഉണ്ടാക്കാനാണോ വിഷമം. അത് അദ്ദേഹത്തിന് സ്വാഭാവികമായി കിട്ടേണ്ട അവകാശമായി സ്വയം വിചാരിക്കുന്നു- അത്രതന്നെ.

വേറൊരു പീഢിതന്റെ വാക്കുകളിൽ: 'ടീച്ചറായ എന്റെ ഭാര്യയുടെ അടിപ്പാവാട വരെ കഴുകിക്കൊടുക്കുന്നവനാണ് ഞാൻ. തുണി നനയ്ക്കാൻ മാത്രമല്ല, അടുക്കളപണിയും ഞാൻ ചെയ്യുന്നു'. പീഢിതയായ ഒരു സ്ത്രീയെങ്കിലും പറയാൻ ധൈര്യപ്പെടട്ടെ, ഇതിനോടു സമാന്തരമായ വാക്കുകൾ ഉദാഹരണത്തിന്. 'ഓഫീസറായ അദ്ദേഹത്തിന്റെ അണ്ടർവെയർപോലും കഴുകിക്കൊടുക്കുന്നത് ഞാനാണ്. എന്നിട്ടും....'

സത്യത്തിൽ എല്ലാവീടുകളിലു നടക്കുന്ന ഒരു കാര്യം തന്നെയാണ് ഇത്. അതുകൊണ്ട് അത് പീഢനമല്ലാതാവുന്നില്ല. സ്ത്രീകൾ അഭിമാനത്തോടെ തന്നെ ഭർത്താക്കന്മാരുടെ അണ്ടർവെയറുകൾ കഴുകിയലക്കി (മാധവിക്കുട്ടിയുടെ ഭാഷയിൽ കൊടിപറത്തുന്നതുപോലെ) ജീവിക്കുന്നു എന്നത് അടിമത്തത്തിന്റെ ആഴം കൂട്ടുന്നതേ ഉള്ളൂ. (സ്വയം അടമികളാണെന്ന് കൂടി പറയാൻ കഴിയാത്തവർ എന്ന നിലയിൽ).

മറ്റൊരു ഉദാഹരണത്തിൽനിന്ന് എന്തു ക്രൂരമായിട്ടാണ് നമ്മുടെ സമൂഹ ലൈംഗിക പീഢനത്തെ നിർവചിക്കുന്നത് എന്ന തെളിവാണ് കിട്ടിയത്, 'ലൈംഗിക പീഢനം അനുഭവിക്കുന്നത് ഭർത്താക്കന്മാരാണ്. ഭാര്യയുമായി അഭിപ്രായവ്യത്യാസമുണ്ടായാൽ ഭർത്താവിന് ലൈംഗികബന്ധം നിഷേധിക്കുന്ന ഭാര്യമാരാണ് മിക്കവാറും.'

അഭിപ്രായവ്യത്യാസമൊന്നും വകവയ്ക്കാതെ തന്റെ മാംസം മാത്രം കാണുന്ന ഭർത്താവിനെ ഏതു ഭാര്യയ്ക്കാണ് സഹിക്കാൻ കഴിയുക. എന്നു മാത്രമല്ല, പല ഭർത്താക്കന്മാരുടെയും വിചാരത്തിൽ രതിയിലൂടെ മറച്ചുകളയാൻ കഴിയുന്നതാണ് സ്ത്രീയുടെയും പുരുഷന്റെയും ഇടയിൽ നിലനില്ക്കുന്ന അഭിപ്രായ വ്യത്യാസങ്ങൾ എന്നാണ്. എന്തൊരു വൃത്തികേടാണിത്. ഒന്നാമത്, ഈ മനുഷ്യൻമാർ തമ്മിൽ നിലനില്ക്കുന്ന ഗൗരവമേറിയ പ്രശ്നങ്ങളെ കിടക്കയിൽ അവസാനിപ്പിക്കാൻ ഉള്ളത്ര ലാഘവത്തോടെ കാണുന്നു എന്നത് ഏതു സ്ത്രീയെയാണ് ചൊടിപ്പിക്കാതിരിക്കുക. പക്ഷേ, സ്ത്രീകൾക്കേറ്റവും അസഹനീയമായത് 'എന്റെ ഭാര്യ എനിക്കെപ്പോഴും' കാലും വിടർത്തി കിടന്നുതരണം' എന്ന മനോഭാവമാണ്. സ്വന്തം ജന്മാവകാശം പോലെയാണ് വിവാഹത്തിനുള്ളിൽ ഭാര്യയുടെ സദാസമ്മതി (ലൈംഗിക ബന്ധത്തിന്) ഭർത്താക്കന്മാർ പ്രതീക്ഷിക്കുന്നത്. സ്ത്രീകളെന്താ ജീവനില്ലാത്ത പാവകളാണോ. അവർക്കുമില്ലേ എന്നും വേണ്ട എന്നുള്ള അഭിപ്രായങ്ങൾ, ഇതൊന്നും നോക്കാതെയുള്ള പുരുഷന്റെ സ്ത്രീയുടെ മേലുള്ള ആക്രമണത്തെയാണ് (ഭർത്താവിന് ഭാര്യയുടെ മേൽ നടത്താവുന്ന ആക്രമണം) സാധാരണക്കാർ ബലാൽസംഗം എന്നു വിളിക്കുന്നത്. ഇഷ്ടമില്ലാതെ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നത് സ്ത്രീയെ സംബന്ധിച്ചിടത്തോളം കഠിന പീഢനമാണ്.



ചിത്രീകരണം: ഗോപി വല്ലപ്പാട്

പുരുഷന്റെ തത്കാല ഉപയോഗത്തിന് ലഭിക്കാത്ത ഒരു സ്ത്രീശരീരത്തേക്കാൾ എത്ര കഠിനമാണ് 'തന്നെ ഇതിനു മാത്രമാണല്ലോ ഈ മനുഷ്യന് ആവശ്യം' എന്ന ചിന്തയോടെ ലൈംഗികബന്ധം സഹിക്കേണ്ട വരുന്ന സ്ത്രീയുടെ പീഢനം'.

ഇപ്പറഞ്ഞതിൽനിന്ന് മനസിലാക്കേണ്ടത് ക്രൂരരായ സ്ത്രീകൾ ഇല്ലെന്നല്ല. പുരുഷപീഢനവേദിയിൽ എത്തിച്ചേർന്ന പുരുഷന്മാർ തീർച്ചയായും മാനസികമായി പീഢിതരാണ് എന്നു തന്നെ ഞാനും ചിന്തിക്കുന്നു. എന്നാൽ, പലപ്പോഴു അവർ ചിന്തിക്കുന്നപോലെ ശത്രു സ്ത്രീതന്നെ ആവണം എന്നില്ല. ആ സ്ത്രീയേയും ശിക്ഷിക്കുന്ന സമൂഹം തന്നെയാവും. ഭാര്യയുടെ കൂടെ അടുക്കളപ്പണി എടുക്കുന്നതിൽ അഭിമാനിക്കുന്നതിന് പകരം കഠിനമായ അപമാനം ആയി അത് കാണുന്നത് സമൂഹത്തിന്റെ 'പുരുഷത്വ'ത്തെപ്പറ്റിയുള്ള നിർവചനങ്ങളിൽ സ്വയം വിശ്വസിക്കുന്നതുകൊണ്ടല്ലേ? ഭാര്യയുമായുള്ള അഭിപ്രായവ്യത്യാസങ്ങളെ കാര്യമായിട്ടെടുക്കാതെ കിടക്കയിലേക്ക് കണ്ണയയ്ക്കുന്ന പുരുഷന്മാർ എത്രമാത്രം ആ സ്ത്രീയെ ബഹുമാനിക്കുന്നു എന്നു വ്യക്തമാണ്. ലൈംഗികബന്ധത്തിന് സ്വന്തം ഭാര്യ കല്പിക്കുന്ന അർഥംപോലും അറിയാത്ത ആൾ തുലോം നിസാരമായ തന്റെ പീഢനം മാത്രമേ കാണാനുള്ളൂ എന്നുമാത്രം. യാതൊരു താത്പര്യവും ഇല്ലാത്ത ഭാര്യയെ ഉപയോഗിക്കുന്നതല്ലേ ആ മനുഷ്യൻ അഭിമാനമായി കണ്ടത്?

പുരുഷനും സ്ത്രീയും പുരുഷാധിപത്യ സമൂഹത്തിന്റെ ഇരകൾ തന്നെ. ഒരേ അളവിലും ഒരേ തരത്തിലും അല്ലെന്നതു മാത്രം. പുരുഷത്വത്തെപ്പറ്റിയുള്ള സമൂഹസങ്കല്പങ്ങൾ പുരുഷനെ ഏകാന്തനായ, കരയിൽ കഴിയാത്ത, മാനസികമായും വൈകാരികമായും ഇടപെടാൻ കഴിയാത്ത ജീവച്ഛവങ്ങളാക്കും. സ്ത്രീയെ അപമാനിക്കലും സ്ത്രീയിൽനിന്ന് കൂലിയില്ലാവേലതൊട്ട് ശരീരം വരെ കവർന്നെടുക്കലുമാണ് പുരുഷചിഹ്നമായി അറിയപ്പെടുന്നത്. ഈ അവസ്ഥയിൽ കുറച്ചെങ്കിലും സ്ത്രീകൾ, സംഘടനകൾ വഴിയും മറ്റും ഈ സങ്കല്പങ്ങൾക്കെതിരേ - പുരുഷനെയും കൂടെ കുടുക്കിലാക്കുന്ന ഈ സങ്കല്പത്തിനെതിരേ - പ്രവർത്തിക്കുന്നു എന്നത് തീർച്ചയായും ആശാവഹം തന്നെ. ആ ശബ്ദങ്ങളെ പരിഹാസ്യരാക്കാനും അവരുടെ സംസാരിക്കാനുള്ള അർഹത തന്നെ എടുത്തുകളയാനുമല്ലേ പുരുഷ പീഢന പരിഹാരവേദി' പോലുള്ള സംഘടനകളുടെ പുറപ്പാട്? മാധ്യമങ്ങൾ ഇത്തരം സാരംഭകർക്ക് കൊടുക്കുന്ന പ്രാധാന്യം കാണിക്കുന്നതും ഇതേ പുരുഷാധിപത്യ പ്രവണത തന്നെ.

**ബി. കെ.സി.**